# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1111**

**06.06.2018** ലെ മറുപടി

### തൊട്ടുപുഴ മണ്ഡലത്തിലെ കുടിവെള്ള വിതരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ജെ.ജോസഫ്** | | **മാത്യു. ടി. തോമസ്**<br>**( ജലവിഭവ വകുപ്പ് മന്ത്രി)** |
| എ | തൊട്ടുപുഴ നിയോജക മണ്ഡലത്തിലെ മുട്ടം, കരിങ്കുന്നം, കുമാരമംഗലം ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള വിതരണ പദ്ധതികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ. ഉണ്ട് |
| ബി | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ നടപ്പാക്കുന്നതിന് തടസ്സം നേരിട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ ഉൾപ്പെട്ട പ്രവൃത്തികൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | ബി. ഉണ്ട്.<br><br>മുട്ടം കരിങ്കുന്നംകുടിവെള്ളപദ്ധതിക്ക് 2014 എസ്.എൽ.എസ്.സി.-യിൽ 4000 ലക്ഷം രൂപയ്ക്ക് 12.11.2014-ൽ ഭരണാനുമതിയും 16.12.2015-ൽ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ഇതിൽ ക്ലിയർ വാട്ടർ പമ്പിങ് മെയിനിന്റെ ജോലികൾ 19.9.2016-ലും ജലശുദ്ധീകരണ ശാലയുടെ പണികൾ 6.9.2016-ലും എഗ്രിമെന്റ് വച്ചു. എന്നാൽ ദേശീയ ഗ്രാമീണ കുടിവെള്ളപദ്ധതികൾക്കുള്ള ധനസഹായം ലഭിക്കാനുള്ള കാലതാമസം കാരണം കരാറുകാർ ടി പണികൾ ഇതുവരെ ആരംഭിച്ചിട്ടില്ല. ഇതിനാൽ ടി |

പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ താമസം നേരിടുന്നു

ഇതുമായി ബന്ധപ്പെട്ട് 2018-19 സാമ്പത്തികവർഷം സംസ്ഥാന ബഡ്ജറ്റിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണത്തിനായി 100 കോടി രൂപ അധിക സാമ്പത്തിക സഹായം പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് സംസ്ഥാനം പ്രഖ്യാപിച്ച അധിക ധനസഹായവും കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ സാധാരണവിഹിതവും ഉൾപ്പെടെ 2018-19 സാമ്പത്തികവർഷം 300 കോടി രൂപ പ്രതീക്ഷിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ കുടിശ്ശിക കൊടുത്തുതീർക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ 2019-20 സാമ്പത്തികവർഷത്തിലും 2018-19 ലേതിനു സമാനമായി സാമ്പത്തികസഹായം ലഭിക്കുന്ന പക്ഷം പ്രസ്തുത പദ്ധതികളുടെ നിർവ്വഹണത്തിൽ നിലവിലുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിച്ച് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>കുമാരമംഗലം പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള വിതരണപദ്ധതി</u>

ടി പദ്ധതിയുടെ ഒന്നാം ഘട്ടം എസ്.എൽ.എസ്. എസ്.സി. യിൽ 2011-ൽ 1000 ലക്ഷം രൂപയ്ക്ക് 29.6.2016-ൽ ഭരണാനുമതിയും 27.7.2012-ൽ സാങ്കേതികാനുമതിയും ലഭിച്ചു. ഈ പദ്ധതിയുടെ റോ വാട്ടർ പമ്പിങ് മെയിൻ, ക്ലിയർവാട്ടർ പമ്പിങ് മെയിൻ, ജലസംഭരണി, വിതരണശൃംഖല(സോൺ-2) എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. ജലശുദ്ധീകരണ ശാലയുടെ പണികൾ 7.10.2016-ലും കിണറിന്റെ ജോലികൾ 3.10.2015-ലും എഗ്രിമെന്റ് വച്ചെങ്കിലും കരാറുകാർ ഇതുവരെ ടി പണികൾ ആരംഭിച്ചിട്ടില്ല. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതികൾക്കുള്ള ധനസഹായം ലഭിക്കാനുള്ള കാലതാമസം മൂലമാണ് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ താമസം നേരിടുന്നത്.

എൻ.ആർ.ഡി.ഡബ്ല്യു പദ്ധതിയുടെ

പുതുക്കിയ മാർഗ്ഗ നിർദേശമനുസരിച്ച് 25%-ൽ താഴെ പുരോഗതിയുള്ള പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിക്കുകയില്ല. ഇതേ തുടർന്ന് എൻ.ആർ.ഡി.ഡബ്ല്യുവിൽ അനുമതി ലഭിച്ച 55 പദ്ധതികളുടെ ഭാരനുമതി റദ്ദാക്കുകയുണ്ടായി. ഇത്തരം പദ്ധതികൾ കിഫ് ബി, നബാർഡ്, സ്റ്റേറ്റ് പ്ലാൻ തുടങ്ങിയ ശീർഷകങ്ങളിൽ ഫണ്ട് ലഭ്യമാക്കി മുൻഗണനാടിസ് ഥാനത്തിൽ നടപ്പാക്കാനുള്ള പരിശ്രമം നടത്തിവരുന്നു

സെക്ഷൻ ഓഫീസർ